Mathrubhumi മാതൃഭൂമി

19 September 2017

# തേനീച്ച വളർത്തലിൽ വിദഗ്ധ പരിശീലനം

**കൊച്ചി:** ലോക തേനീച്ച ദിനമായ ശനിയാഴ്ച സി.എം.എഫ്.ആർ.ഐ.യുടെ കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം ബോധവത്കരണ ശില്പശാല സംഘടിപ്പിക്കും.

ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനും സുസ്ഥിര കാർഷിക വികസനത്തിനും തേനീച്ചകളുടെ പങ്ക് ബോധ്യപ്പെടുത്തുകയും തേനീച്ച വളർത്തലിലും സംരക്ഷണത്തിലും കർഷകർക്ക് പരിശീലനം നൽകുകയുമാണ് ലക്ഷ്യം.

കോതമംഗലം 'സംസ്കാര' ഓഡിറ്റോറിയത്തിൽ രാവിലെ 10ന് ആൻറണി ജോൺ എം.എൽ.എ. ഉദ്ഘാടനം ചെയ്യും.

**ഇന്ന് ലോക തേനീച്ച ദിനം**



മനുഷ്യൻ കഴിക്കുന്ന ഭക്ഷണത്തിൻെറ മൂന്നിലൊരു ഭാഗം ഉത്പാദിപ്പിക്കാൻ സഹായകരമാകുന്നത് തേനീച്ചകളുടെ പരാഗണമാണ്. തേനീച്ചകളുടെ ഇത്തരം ധർമങ്ങളെക്കുറിച്ച് ഭൂരിഭാഗം പേരും അജ്ഞരാണെന്ന് കേന്ദ്രം മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യൻ പറഞ്ഞു.

ചെറു തേനീച്ചകളുടെ കോളനി സ്ഥാപിക്കൽ, തേനീച്ച കോളനികളുടെ കൊഴിഞ്ഞുപോക്ക് തടയൽ എന്നീ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും.

എറണാകുളം ജില്ലയിലെ ഔദ്യോഗിക തേനീച്ച ദിനാചരണ ചടങ്ങാണിത്. ഓഗസ്റ്റിലെ അവസാന ശനിയാഴ്ചയാണ് 'ലോക തേനീച്ച ദിനം' ആയി ആചരിക്കുന്നത്.